**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2067** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഇന്ത്യ റിസർവ് ബറ്റാലിയനിലെ കോൺസ്റ്റബിൾ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് നിലവിലെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ നിവേദനം സമർപ്പിച്ചിരുന്നോ; പ്രസ്തുത നിവേദനത്തിലെ ആവശ്യവും ആയതിൻമേൽ സ്വീകരിച്ച നടപടിയും വിശദമാക്കുമോ; | (എ) | ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിലെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ കാറ്റഗറി നമ്പർ 466/2021 റഗുലർ വിംഗ് റാങ്ക് പട്ടികയുടെ കാലാവധി 03/04/2024 മുതൽ ഒരു വർഷവും ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ 136/2022 കമാൻഡോ വിംഗ് റാങ്ക് പട്ടികയുടെ കാലാവധി 23/05/2024 മുതൽ 2 വർഷവുമാണ്. പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ റെഗുലർ വിംഗിൽ 199 ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടുള്ളതും നിലവിൽ 93 പേരുടെ നിയമന നടപടികൾ പൂർത്തിയായിട്ടുള്ളതും, കമാൻഡോ വിംഗിൽ 208 ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടുള്ളതിൽ നിലവിൽ 183 പേരുടെ നിയമന നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നത് എന്നാണ്; പ്രസ്തുത പട്ടികയിൽനിന്ന് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി; വിശദാംശം നൽകുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിന് മുമ്പായി ഇതുമായി ബന്ധപ്പെട്ട കെ2/320/2024-ആഭ്യന്തരം നമ്പർ ഫയലിൽ ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായി തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ